## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 963 | 30.10.2019 -ലെ മറുപടി

### ബ്രാഞ്ചു കനാലുകളുടെ പുനരുജ്ജീവനം

**ചോദ്യം**
ശ്രീ.കെ. ദാസൻ

**മറുപടി**
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

**എ)** കുറ്റ്യാടി കനാൽ ഇറിഗേഷൻ പ്രൊജക്ടുമായി ബന്ധപ്പെടുത്തി കനാൽ അറ്റകുറ്റപ്പണികൾക്ക് ഓരോ വർഷവും എത്ര രൂപ അനുവദിക്കുന്നുണ്ട്;

**എ)** കുറ്റ്യാടി കനാൽ ഇറിഗേഷൻ പ്രൊജക്ടുമായി ബന്ധപ്പെടുത്തി കനാൽ അറ്റകുറ്റപ്പണികൾക്ക് 2017-18 മുതൽ 2019-20 വരെ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | സ്കീം | അനുവദിച്ച തുക | | |
|---|---|---|---|---|---|
| | | | 2017-18 | 2018-19 | 2019-20 |
| 1 | കുറ്റ്യാടി ജലസേചന പദ്ധതി | പ്ലാൻ | ഇല്ല | 500 ലക്ഷം | 500 ലക്ഷം |
| | | നോൺ പ്ലാൻ | 205 ലക്ഷം | 205 ലക്ഷം | 225.77 ലക്ഷം |
| | | MRPA | - | 10 ലക്ഷം | - |
| | ആകെ | | 205 ലക്ഷം | 715 ലക്ഷം | 725.77 ലക്ഷം |

**ബി)** കുറ്റ്യാടി കനാൽ പ്രൊജക്ടിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിലൂടെ പോകുന്ന ബ്രാഞ്ച് കനാലുകൾ മണ്ണ് നിറഞ്ഞും, മുറിഞ്ഞും പ്രവർത്തനരഹിതമായി കിടക്കുന്നവ എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

**ബി)** എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കുറ്റ്യാടി പദ്ധതിയുടെ ഇരിങ്ങൽ ബ്രാഞ്ചിന്റെ അവസാന ഭാഗത്ത് ചെ. 16 / 750 കി.മീ. മുതൽ 19/320 കി.മീ വരെ കനാൽ മണ്ണ് മൂടി പ്രവർത്തനരഹിതമായി കിടക്കുകയാണ്.

തിക്കോടി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ തുടക്കം മുതൽ അവസാനം വരെ (ചെ.0/00 മുതൽ 3/325 കി.മീ.വരെ) മണ്ണ് മൂടി കിടക്കുകയാണ്.

കണ്ണംകുളം ഡിസ്ട്രിബ്യൂട്ടറി കനാലിൽ ചെ. 0/800 കി.മീ മുതൽ 1/910 കി.മീ വരെ ആയത് അവസാന ഭാഗം വരെ മണ്ണ് മൂടി കിടക്കുകയാണ്.

| | | | |
|---|---|---|---|
| സി | പ്രവർത്തനസജ്ജമല്ലാത്ത ബ്രാഞ്ച് കനാലുകൾ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ വകുപ്പ് ആസൂത്രണം ചെയ്തു വരുന്നുണ്ടോ; വിശദമാക്കാമോ? | സി | ഉണ്ട്. ഇരിങ്ങൽ ബ്രാഞ്ച് കനാലിന്റെ ചെ. 750 കി.മീ മുതൽ കനാലിൽ നിന്ന് മണ്ണെടുത്ത് മാറ്റുന്ന പ്രവൃത്തിക്ക് 2019-20ൽ രണ്ട് ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. തിക്കോടി ഡിസ്ട്രിബ്യൂട്ടറി കനാലിൽ നിന്നും മണ്ണ് മാറ്റുന്ന പ്രവൃത്തിക്ക് നോൺ പ്ലാൻ ഫണ്ടിൽ നിന്നും 1.50 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ